

# Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## അട്ടപ്പാടിയിൽ പോലീസിൻെറ നാലാമത്തെ വൻ കഞ്ചാവ് വേട്ട

അഗളി ASP സുജിത് ദാസ് IPS ൻെറ നേതൃത്വത്തിൽ നാലാമത്തെ കഞ്ചാവ് വേട്ടയിലൂടെ വിളവെടുപ്പിന് പാകമായ 820 ഓളം കഞ്ചാവ് ചെടികൾ അട്ടപ്പാടി മേഖലയിൽ നശിപ്പിച്ചു. മുരുഗള ,പാലപ്പട ഊരുകൾക്ക് മുകളിൽ നിന്നും തുടങ്ങി , മേലെ തുടുക്കി തുടങ്ങിയ വന്യ മൃഗങ്ങൾ വസിക്കുന്ന കാട്ടു പാതകളിലൂടെ 4 കിലോമീറ്റർ സഞ്ചരിച്ചാണ് കഞ്ചാവ് തോട്ടത്തിൽ എത്തിയത്..മുരുഗള ഊരിൻെറ പഞ്ചക്കാടിനു മുകളിലായി സമുദ്രനിരപ്പിൽ നിന്ന് 928 മീറ്റർ ഉയരത്തിൽ പൂസരികൊട്ടി മലയിൽ 15 തടങ്ങളിലായി 120 ഓളം ചെടികളും മുകൾ ഭാഗത്തായി ഒടമ്പ് കണ്ടിനടിയിൽ മൂന്ന് അടുത്തടുത്ത തോട്ടങ്ങളിലായി 80 തടങ്ങളിലായി 700 ഓളം ചെടികളുള്ള കഞ്ചാവ് കൃഷിത്തോട്ടങ്ങളാണ് അഗളി ASP സുജിത് ദാസ് IPS ഉം, ASP സ്ക്വാഡും, തണ്ടർ ബോൾട്ടും അടങ്ങിയ സംഘം കണ്ടെത്തി തീയിട്ട് നശിപ്പിച്ചത്. മാവോയിസ്റ്റ് റൈഡിൻെറ ഭാഗമായി അട്ടപ്പാടിയിലെ വനങ്ങളിൽ, നടത്തുന്ന തിരച്ചിലുകൾക്കിടയിലാണ് ഇത്തരം കഞ്ചാവ് തോട്ടങ്ങൾ കണ്ടെത്തുന്നതും അവ നശിപ്പിക്കുന്നതും. മേൽ പറഞ്ഞ സംഭവത്തിൽ പോലീസ് കേസെടുക്കുകയും അന്വേഷണം നടത്തുകയും ചെയ്യുന്നുണ്ട്.

